**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1271** **07-10-2021 - ൽ മറുപടിയ്ക്ക്**

**കായൽ ടൂറിസം പുനരുദ്ധാരണത്തിന് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കായൽ ടൂറിസം മേഖലയുടെ പുനരുദ്ധാരണത്തിന് ഒരു പാക്കേജ് പ്രഖ്യാപിക്കുമോ; | (എ) | കായൽ ടൂറിസം മേഖലയുടെ പുനഃരുദ്ധാരണത്തിന് പാക്കേജ് നിലവിൽ പരിഗണനയിലില്ല. |
| (ബി) | കോവിഡ് മൂലം പ്രതിസന്ധിയിലായ ഹൗസ് ബോട്ട് വ്യവസായം പുനരുദ്ധരിക്കുവാൻ ഒരു കർമ്മപദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോവിഡ് മൂലം പ്രതിസന്ധിയിലായ വിനോദ സഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനു ചില ആശ്വാസ നടപടികൾ പ്രഖ്യാപിച്ചതിൽ പ്രധാനപ്പെട്ടതാണ് ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള ഒറ്റത്തവണ സാമ്പത്തിക സഹായ പദ്ധതി. ഒന്നു മുതൽ രണ്ടു വരെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 80,000 രൂപയും മൂന്നു മുതൽ നാല്വ വരെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് ഒരു ലക്ഷം രൂപയും അഞ്ചിലധികം കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 1.20 ലക്ഷം രൂപയും വീതമാണു സാമ്പത്തിക സഹായം അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം ഇതുവരെ 235 ഹൗസ് ബോട്ടുകൾക്കായി 2,10,40,000 രൂപ സഹായധനമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ